**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4804** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും അതിന്റെ മറ്റ് വിശദാംശങ്ങളും ജില്ല തിരിച്ച് നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മുഖേന 10663 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂരഹിതരായ എല്ലാ പട്ടികജാതി വിഭാഗക്കാർക്കും ഭൂമി വിതരണം പൂർത്തിയാക്കുമെന്ന സർക്കാർ പ്രഖ്യാപനം പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | സർക്കാർ പ്രഖ്യാപനം പാലിക്കുന്നതിന്റെ ഭാഗമായി ലൈഫ് മിഷൻ കണ്ടെത്തിയിട്ടുള്ള ഭൂരഹിതരായ കുടുംബങ്ങൾക്ക് അതാത് സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി വകുപ്പ് മുഖേന ഭൂമി അനുവദിച്ചു വരുന്നു. കൂടാതെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **2021-22** | **2022-23** | **2023-24** |
|---|---|---|---|
| തിരുവനന്തപുരം | 538 | 353 | 361 |
| കൊല്ലം | 423 | 259 | 306 |
| പത്തനംതിട്ട | 224 | 165 | 218 |
| ആലപ്പുഴ | 250 | 270 | 224 |
| കോട്ടയം | 199 | 119 | 162 |
| ഇടുക്കി | 163 | 127 | 88 |
| എറണാകുളം | 324 | 294 | 365 |
| തൃശ്ശൂർ | 407 | 381 | 390 |
| പാലക്കാട് | 450 | 596 | 431 |
| മലപ്പുറം | 283 | 355 | 377 |
| കോഴിക്കോട് | 302 | 190 | 215 |
| വയനാട് | 103 | 48 | 40 |
| കണ്ണൂർ | 213 | 102 | 103 |
| കാസർഗോഡ് | 141 | 44 | 60 |
| **ആകെ** | **4020** | **3303** | **3340** |